(ബി) മേൽപ്പറഞ്ഞ കൃഷി ഓഫീസർമാരുടെ ഒഴിവുകളിൽ 3 കൃഷി ഓഫീസർമാരെ ഇപ്പോൾ നിയമിച്ചിട്ടുണ്ട്. മറ്റ് 3 ഒഴിവുകളിൽ പി.എസ്.സി.-യിൽ നിന്നുള്ള നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ് കൃഷി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾ താൽക്കാലികമായി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) 3 കൃഷി ഓഫീസർമാരെ നിയമിച്ചതിൽ ഒരാളെ കരിയാട് കൃഷി ഭവനിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കരിയാട് കൃഷി ഭവനിലെ ഒരു കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആളെ നിയമിച്ചിട്ടുണ്ട്. ടിയാൻ 15-11-2010-ന് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ നിലവിലുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) കൃഷി ഓഫീസറുടെ ഒഴിവ് നികത്തുന്നതിന് കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതുകൊണ്ടാണ് പ്രസ്തുത ഒഴിവുകളിൽ നിയമനം നടക്കാത്തത്. റാങ്ക് ലിസ്റ്റ് തയ്യാറാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തപ്പെടുന്നതാണ്.

കേര കർഷക രംഗത്തെ പ്രതിസന്ധി

240 (1210) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരകർഷകരംഗത്തെ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) തെങ്ങിടാൻ വിദഗ്ദ്ധത്തൊഴിലാളികളെ ലഭിക്കുന്നില്ല എന്ന അവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ ബദൽനിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(സി) തെങ്ങിടലിന് മനുഷ്യപ്രയത്നം കൂടാതെ പ്രവർത്തിക്കുന്ന ആധുനിക ഉപകരണം കേരകർഷകർക്ക് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേര കർഷക രംഗത്തെ പ്രതിസന്ധി തരണം ചെയ്യുന്നതിന് നടപ്പിലാക്കിവരുന്ന വിവിധ നടപടികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. തെങ്ങുകൃഷിയിടങ്ങളിലെ 'സംയോജിത കൃഷി രീതികൾ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ 2010-11-ൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 300 ഹെക്ടർ സ്ഥലത്ത് ഒന്നാംവർഷ പ്രദർശനത്തോട്ടവും 1000 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷ പ്രദർശനത്തോട്ടവും സ്ഥാപിച്ചിട്ടുണ്ട്. തെങ്ങു കൃഷിക്ക് ഹെക്ടറിന് 17,500 രൂപ ധനസഹായമായി നൽകിവരുന്നു.

2. 'ഇടുക്കി പാക്കേജ്' പദ്ധതിയിൻകീഴിൽ നാളികേര വികസനത്തിനായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംയോജിത പരിപാലനം, രോഗം ബാധിച്ചതും പ്രായാധിക്യംമൂലം ഉല്പാദന ക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടി മാറ്റുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നീ ഘടകങ്ങൾക്കായി പ്രസ്തുത പദ്ധതിയിൻകീഴിൽ ധനസഹായം അനുവദിച്ചുവരുന്നു.

3. കുട്ടനാട് പാക്കേജ് പദ്ധതിയിൻകീഴിൽ 237.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംയോജിത പരിപാലനം, രോഗം ബാധിച്ചതും പ്രായാധിക്യംമൂലം ഉല്പാദന ക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റൽ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

4. നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി 'തെങ്ങു കൃഷി പുനരുദ്ധാരണം' എന്ന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതാണ്. കാറ്റു വീഴ്ച രോഗം മൂക്ഷമായി ബാധിച്ചതും ഉല്പാദനക്ഷമത തീരെ കുറഞ്ഞതുമായ 143.4 ലക്ഷം തെങ്ങുകൾ വെട്ടി മാറ്റുക, 1.33 ലക്ഷം ഹെക്ടർ തെങ്ങിൻ തോട്ടങ്ങൾ പുനരുദ്ധരിക്കുക, 71.71 ലക്ഷം തെങ്ങിൻ തൈകൾ പുതിയതായി വച്ചു പിടിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ.

5. ആർ.കെ.വി.വൈ. പദ്ധതിയിൻകീഴിൽ സംയോജിത വളപ്രയോഗം 12500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കാൻ 420 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പിലെ ജില്ലാതല കാർഷിക എഞ്ചിനീയറിംഗ് യൂണിറ്റ്, റീജിയണൽ ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ, വെള്ളായണി എന്നിവിടങ്ങളിൽ വിവിധ രീതിയിലുള്ള തെങ്ങു കയറ്റ യന്ത്രങ്ങളിൽ, തെരഞ്ഞെടുക്കപ്പെട്ട കർഷകർ, തൊഴിൽ മഹിതർ, കർഷക തൊഴിലാളികൾ എന്നിവർക്ക് പരിശീലനം

LIBRARY KERALA LEGISLATIVE ASSEMBLY

നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഇതിൽ റീജിയണൽ ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിൽ ഇപ്പോൾ പരിശീലനം നൽകി വരുന്നു. കുട്ടനാട് പാക്കേജിന്റെ ഭാഗമായി കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലുള്ളവർക്ക് പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കുന്നതാണ്. കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ യൂണിറ്റുകളിലും പരിശീലനം നടപ്പിലാക്കി വരുന്നുണ്ട്.

(സി) തെങ്ങയിടുന്നതിന് മനുഷ്യ പ്രയത്നം കൂടാതെ പ്രവർത്തിക്കുന്ന ആധുനിക ഉപകരണങ്ങൾ കേരളത്തിൽ ലഭ്യമല്ല. എന്നാൽ മനുഷ്യപ്രയത്നം വളരെ കുറച്ച് മതിയാകുന്ന തെങ്ങുകയറ്റ ഉപകരണം കേന്ദ്ര സർക്കാരിന്റെ മൈക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം 25% അഥവാ 2000 രൂപ ഏതാണ് കുറവ് എന്ന നിരക്കിൽ ആവശ്യമുള്ള കർഷകർക്ക് നൽകി വരുന്നു.

കേരശ്രീ പദ്ധതി

241 (1211) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജിത നാളികേര വികസനത്തിന് ലക്ഷ്യമിട്ട് കേരശ്രീ പദ്ധതിക്ക് രൂപം കൊടുക്കുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ പുരോഗതി എത്രമാത്രം ആയി എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരശ്രീ എന്ന സമഗ്ര നാളികേര വികസന പദ്ധതി 2007-08 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തെങ്ങിൻതോട്ടങ്ങളിലെ മെച്ചപ്പെട്ട കാർഷിക പരിപാലനം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ജൈവവള വിത്തുകളുടെ വിതരണം, നല്ലയിനം തെങ്ങിൻ തൈകളുടെ നടീൽ എന്നിങ്ങനെയുള്ള ഘടകങ്ങളാണ് ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കിയിട്ടുള്ളത്. 2007-08-ൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. വാർഡ് തലത്തിൽ 25-50 ഹെക്ടർ സ്ഥലത്തായി കേരഗ്രൂപ്പുകൾ രൂപീകരിച്ചാണ് കേരശ്രീ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു ഹെക്ടറിന് 5000 രൂപയാണ് ധനസഹായമായി കർഷകർക്ക് ലഭ്യമാക്കിയത്. മൊത്തം 724 കേരഗ്രൂപ്പുകൾ രൂപീകരിച്ച് 18100 ഹെക്ടർ സ്ഥലത്ത് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. 2008-09-ൽ 1192.5 ലക്ഷം രൂപ കേരശ്രീ പദ്ധതിക്കായി മുകളിൽ പരാമർശിച്ചിട്ടുള്ള ആറു ജില്ലകൾക്ക് ലഭ്യമാക്കിയതിൽ 1192.497 ലക്ഷം രൂപ ചെലവഴിച്ചു. ആകെ 23850 ഹെക്ടർ സ്ഥലത്ത് 954 ക്ലസ്റ്ററുകൾ രൂപീകരിച്ച് 1.92 ലക്ഷം കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. 5000 രൂപയാണ് ഹെക്ടറിനുള്ള ധനസഹായം 49 ലക്ഷം തെങ്ങുകൾക്ക് പദ്ധതിയിൻകീഴിൽ പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly